പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3695 — 24.06.2014-ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഉണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) ഉദുമ നിയോജക മണ്ഡലത്തിലെ ദേലമ്പാടി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന മുല്ലുംപാറ, വെള്ളരിക്കയ, നാട്ടക്കല്ല, ചെന്നക്കുണ്ട്, ഓട്ടമല, നെല്ലിത്തട്ട, പാണ്ടി ആർത്യ എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുണ്ട്. |
| (ബി) പ്രസ്തുത പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് കെ. എസ്. ഇ. ബി. യോ മററ് ഏജൻസികളോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ലൈൻ വലിക്കുന്നതിന്, ഫോറസ്റ്റ് ക്ലിയറൻസ് ആവശ്യമായി വരുന്നുണ്ട്. ഭൂഗർഭ കേബിളുകൾ ഉപയോഗിച്ചാൽ ഈ പ്രദേശത്ത് അനുമതി നൽകാം എന്ന് ഫോറസ്റ്റ് അധികൃതർ അറിയിച്ചിട്ടുണ്ട്. ഭൂഗർഭ കേബിളുകൾ ഇടുന്നതിന് വളരെ അധികം തുക ആവശ്യമായി വരുന്നതിനാൽ മുല്ലംപാറ, വെള്ളരിക്കയ എന്നീ പ്രദേശങ്ങളിൽ എം. എൽ. എ ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്, ഉപഭോക്തൃ വിഹിതം, കെ. എസ്. ഇ. ബി ഫണ്ട് എന്നിവ സംയുക്തമായി ഉപയോഗിച്ച് ഭൂഗർഭ കേബിൾ ഇടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>നാട്ടക്കല്ല്, ചെന്നക്കുണ്ട്, പാണ്ടി ആർത്യ എന്നീ പ്രദേശങ്ങളും മേൽപ്പറഞ്ഞ രീതിയിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടത്താനുള്ള ശ്രമത്തിലാണ്. |
| (സി) ആർ. ജി. ജി. വി. വൈയിൽ ഏതൊക്കെ പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുള്ള പ്രൊപ്പോസലുകളാണ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (സി) ഓട്ടമല, നെല്ലിത്തട്ട് എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തികൾ RGGVY –ലെ 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വോർക്കാടി, എൻമകജെ, മധൂർ, മുളിയാർ, കുമ്പള, പുത്തിഗെ, മീഞ്ച, പുല്ലൂർ, പെരിയ, അജാനൂർ, കോടൊ, ബേളൂർ, ഉദുമ, ചെറുവത്തൂർ, തൃക്കരിപ്പൂർ, പടന്ന, വലിയ പറമ്പ, കിനാനൂർ, കരിന്തളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ബി.പി.എൽ. കുടുംബങ്ങളുടെ അപേക്ഷകൾ കണക്കിലെടുത്ത്, ലൈൻ വലിച്ച് വീട്ടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ RGGVY, 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**